(ബി) തൊഴിലാളി വാർഡ് സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലാ ആശുപത്രിയിൽ തൊഴിലാളി വാർഡ് സ്ഥാപിക്കുമെന്ന പ്രഖ്യാപനം ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന ലഭ്യമാകുന്ന മുറയ്ക്ക് ഉടൻ നടപടികൾ സ്വീകരിക്കുന്നതാണ്.

അമ്മയും കുഞ്ഞും പദ്ധതി

32(730) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് അമ്മയും കുഞ്ഞും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അമ്മയും കുഞ്ഞും പദ്ധതി 2012 ഓഗസ്റ്റ് മാസം മുതൽ നടപ്പിലാക്കി വരുന്നു.

(ബി) ഭാരത സർക്കാർ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് ജെ.എസ്.എസ്.കെ. (ജനനി ശിശു സുരക്ഷാ കാര്യക്രം). കേരളത്തിൽ ഇത് അമ്മയും കുഞ്ഞും എന്ന പേരിൽ നടപ്പിലാക്കി വരുന്നു. സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും ഒരു വയസ്സു വരെയുള്ള നവജാതശിശുക്കൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തം നൽകൽ, പ്രസവത്തിനായി ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാസൗകര്യം, പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ ഭക്ഷണം എന്നിവ സൗജന്യമായി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അമ്മയും കുഞ്ഞും പദ്ധതിവഴി ഗർഭിണികൾക്ക് ലഭിക്കുന്ന സേവനങ്ങൾ :

- സൗജന്യ പ്രസവ ചികിത്സയും സിസേറിയൻ ശസ്ത്രക്രിയയും
- സൗജന്യ മരുന്നുകളും മറ്റ് ചികിത്സാ ചെലവുകളും
- സ്കാനിംഗ് ഉൾപ്പെടെ സൗജന്യ ലാബ് പരിശോധന
- സാധാരണ പ്രസവത്തിന് 3 ദിവസവും സിസേറിയൻ ശസ്ത്രക്രിയയ്ക്ക് 5 ദിവസവും സൗജന്യ താമസവും ഭക്ഷണവും
- ആവശ്യമെങ്കിൽ സൗജന്യ രക്തം നൽകൽ
- പ്രസവത്തിനായി ആരോഗ്യ സ്ഥാപനങ്ങളിലേക്കും തിരിച്ച് വീട്ടിലേക്കും റഫർ ചെയ്യുകയാണെങ്കിൽ റഫറൽ ആശുപത്രിയിലേക്കും സൗജന്യ യാത്രാ സൗകര്യം
- എല്ലാത്തരം ആശുപത്രി സംബന്ധമായ യൂസർ ഫീസും (ഒ.പി. ടിക്കറ്റ് ചാർജ്ജ് ഉൾപ്പെടെ) ഒഴിവാക്കുന്നു
- പ്രസവാനന്തരം 42 ദിവസം വരെ കിടത്തി ചികിത്സ വേണ്ടിവന്നാൽ ചികിത്സാ ചെലവുകൾ സൗജന്യം

ജനിച്ച് ഒരു വയസ്സുവരെ നവജാത ശിശുക്കൾക്ക് ലഭിക്കുന്ന സേവനങ്ങൾ :

- സൗജന്യ മരുന്നും മറ്റ് പരിശോധന/ചികിത്സാ സൗകര്യങ്ങളും
- റൗണ്ട് പരിശോധന
- വീട്ടിൽനിന്നും ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്കും തിരിച്ച് വീട്ടിലേയ്ക്കും സൗജന്യ യാത്ര റഫറൽ ചികിത്സാർത്ഥം മറ്റ് ആശുപത്രികളിലേക്കും സൗജന്യയാത്ര

(സി) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും ജില്ലാ പ്രോഗ്രാം മാനേജർമാരുടെയും നേതൃത്വത്തിൽ പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ ഗർഭിണികൾക്കുള്ള സൗജന്യ ചികിത്സ ഉൾപ്പെടെ എല്ലാ സൗജന്യ സേവനങ്ങളും നൽകുന്നതിന് അതാത് സ്ഥാപന മേധാധികാരികളെ ചുമതലപ്പെടുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ടും ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് എൻ.എച്ച്.എം. മുഖാന്തരം നൽകിയിട്ടുണ്ട്.

കൂടാതെ മാസംതോറും പ്രവർത്തനങ്ങളും റിപ്പോർട്ടുകളും ജില്ലാ മെഡിക്കൽ ഓഫീസറും ജില്ലാ പ്രോഗ്രാം മാനേജരും ജില്ലാതലത്തിൽ അവലോകനം

ചെയ്യുവാണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനായി അതാത് സ്ഥാപനങ്ങളിൽ ഒരു പരാതി പരിഹാര സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 2015-16 സാമ്പത്തിക വർഷം 24 കോടി രൂപ കേന്ദ്രഗവൺമെന്റിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്.

ബാറിൽനിന്നും മലിനീകരണം

33(731) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പെരിങ്ങിലാവ് K.R. ബാറിൽനിന്നും വരുന്ന പൈപ്പ് വഴി മാലിന്യം പുറത്തേയ്ക്ക് തള്ളുന്നതിന്റെ ഭാഗമായി മണ്ണിലും കുടിവെള്ളത്തിലും മാലിന്യം കലർന്ന് പരിസരവാസികൾക്ക് മഞ്ഞപ്പിത്തം അടക്കമുള്ള രോഗങ്ങൾ പിടിപെടുന്നുവെന്ന പരാതിയിൽ തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർ K.R. ബാറിൽ പരിശോധന നടത്തിയിരുന്നുവോ;

(ബി) പരിശോധനയിലെ കണ്ടെത്തലുകൾ എന്തായിരുന്നു; വിശദാംശം നൽകുമോ ;

(സി) പരിസരവാസികളുടെ ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിന് ജില്ലാ മെഡിക്കൽ ആഫീസർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പരിശോധന നടത്തിയിട്ടുണ്ട്.

(ബി) ഹോട്ടലിന്റെ തെക്കുഭാഗത്തുള്ള മതിലിന്റെ അടിമതിലിനോട് ചേർന്ന് ഹോട്ടലിലെ മലിനജലം ഒഴുക്കിവിടുകയായിരുന്നു. ഈ കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് നിർദ്ദേശിക്കുന്ന വിധത്തിൽ മലിനജലം നിർമ്മാർജ്ജനം ചെയ്യുന്നതിനായുള്ള നിർദ്ദേശം ഹോട്ടൽ ഉടമയ്ക്ക് നൽകിയിരുന്നു. ഈ നിർദ്ദേശം ഹോട്ടൽ ഉടമ പാലിച്ചതായി സ്ഥലം സന്ദർശിച്ച് ലോക്കൽ ഹെൽത്ത് അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സി) ജില്ലാ മെഡിക്കൽ ആഫീസറുടെ നിർദ്ദേശപ്രകാരം പഴഞ്ഞി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സൂപ്പണ്ട്, ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർ സ്ഥലം സന്ദർശിച്ച് ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ കൃത്യമായി എടുത്തിട്ടുണ്ട്. ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly